# കടക്കാരൻ

•പുനരാഖ്യാനം: **പട്ടണക്കാട് അബ്ദുൽ ഖാദർ**

സൈദ് അരോഗദൃഢഗാത്രനാണ്; ധനവാനും.

ഒരിക്കൽ മുഹമ്മദ് നബിയും ഉമറും ഒരിടത്തിരുന്ന് സംസാരിക്കുകയാണ്. പെട്ടെന്ന് നബിയുടെ കുപ്പായത്തിൽ ആരോ കയറിപ്പിടിച്ച് ഉലച്ചു. നബിയും ഉമറും വല്ലാതായി.

അത് സൈദായിരുന്നു.

''മുഹമ്മദേ, എന്റെ കൈയിൽ നിന്ന് വാങ്ങിയ ധാന്യം എന്താണ് മടക്കിത്തരാത്തത്? തന്റെ വിഷമം കണ്ടപ്പോൾ എടുത്തുതന്നതാണ്. കടം വാങ്ങിച്ചാൽ മടക്കിക്കൊടുക്കണം. അതാണ് മാന്യത.''

സൈദിന്റെ ശബ്ദം ഉച്ചത്തിലായി.

വാങ്ങിയ മുതൽ മടക്കിക്കൊടുക്കാൻ നിവൃത്തിയില്ലാത്തതിനാൽ നബി വിഷമിച്ചു.

സൈദ് കുപ്പായത്തിൽ നിന്ന് വിടാതെ നബിയെ ദേഹോപദ്രവം ചെയ്യാനുള്ള ശ്രമത്തിലാണ്.

''സഹോദരാ, ഞാനുടനെ കടം വീട്ടാം.'' നബി അപേക്ഷിച്ചു.

''അതിപ്പോൾ വീട്ടണം'' സൈദ് വിട്ടുവീഴ്ചക്ക് തയ്യാറല്ല.

പ്രവാചകന്റെ വിഷമസ്ഥിതിയും സൈദിന്റെ വിട്ടുവീഴ്ചയില്ലായ്മയും ഉമറിന് സഹിച്ചില്ല.

''ഉള്ളവൻ ഇല്ലാത്തവന് കടം കൊടുക്കും. അത് നാട്ടുമര്യാദ. കടം മടക്കിക്കൊടുത്തില്ലെന്ന പേരിൽ അപമാനിക്കുന്നതും ദേഹോപദ്രവം ചെയ്യുന്നതും മുഷ്ക്കാണ്. തന്റെ അവിവേകം ഇനിയും തുടർന്നാൽ എന്റെ കൈക്കരുത്ത് അറിയേണ്ടിവരും''

ചാടിയെഴുന്നേറ്റ ഉമർ പ്രതികരിച്ചു.

ഉമറിന്റെ ഭാവം കണ്ടപ്പോൾ സൈദ് നബിയു



▸▸ അമേരിക്കയുടെ കോളനിയായിരുന്ന ഏഷ്യൻ ഭൂഖണ്ഡത്തിലെ ഏക രാജ്യം– ഫിലിപ്പീൻസ്

## ജനീവ

സ്വിറ്റ്സർലണ്ടിലെ പ്രസിദ്ധമായ ജനീവാ നഗരം ധാരാളം അന്തർദേശീയ സംഘടനകളുടെ ആസ്ഥാനമാണ്. യു.എന്നിന്റെ അന്തർദേശീയ തൊഴിലാളി സംഘടന (I.L.O), ലോകാരോഗ്യ സംഘടന(WHO), ഇന്റർ നാഷണൽ ടെലി കമ്യൂണിക്കേഷൻ യൂണിയൻ(ITU), യുനൈറ്റഡ് നേഷൻ ഹൈക്കമ്മീഷൻ ഫോർ റെഫ്യൂജീസ് (UNHCR) ലോക വ്യാപാര സംഘടന(WTO), റെഡ് ക്രോസ് എന്നിവയുടെയെല്ലാം ആസ്ഥാനം ജനീവയാണ്.





ടെ കുപ്പായത്തിൽ നിന്ന് പിടിവിട്ടു.

“ഉമറേ, ഞാൻ സൈദിന്റെ കടക്കാരനാണ്. കടം മടക്കിക്കൊടുക്കാൻ എന്നെ ഉപദേശിക്കുകയാണ് താങ്കൾ ചെയ്യേണ്ടിയിരുന്നത്. അതുപോലെ എന്നോട് മാന്യമായി പെരുമാറുവാൻ താങ്കൾ സൈദിനെയും ഉപദേശിക്കേണ്ടതായിരുന്നു. കടം തന്ന് സഹായിച്ചവന്റെ വിഷമവും നമ്മൾ തിരിച്ചറിയണം.” നബി ഉപദേശിച്ചു.

കോപിഷ്ടനായ ഉമർ വേഗം തണുത്തു.

സൈദ് നബിയുടെ മുഖത്ത് വിസ്മയത്തോടെ നോക്കി.

“കടം വീട്ടാനുള്ള അവധി ഇനി എത്ര ദിവസം ഉണ്ടാകും?” ഉമർ അന്വേഷിച്ചു.

“മൂന്ന് ദിവസം. അതിനുള്ളിൽ കടം വീട്ടാൻ പറ്റുമെന്ന് തോന്നുന്നില്ല”– നബി അറിയിച്ചു.

“അതിപ്പോൾ വീട്ടണം.”

സൈദിന്റെ നിർബന്ധം.

“ഉമറേ, താങ്കൾ കടം വീട്ടണം. സൈദിനോട് പരുഷമായി സംസാരിച്ചതിന് 20 സാഅ്* ധാന്യം അധികമായി നൽകുകയും വേണം.”

നബി ആവശ്യപ്പെട്ടു.

“അങ്ങനെയാകട്ടെ” ഉമർ ഏറ്റു. സൈദ് ധാന്യവുമായി മടങ്ങി. നബിയുടെ ഔദാര്യവും മാന്യമായ പെരുമാറ്റവും സൈദിന്റെ മനസ്സിൽ ചലനങ്ങളുണ്ടാക്കി.

വൈകാതെ സൈദ് നബിയുടെ ശിഷ്യനായി മാറി. പിൽക്കാലത്ത് അദ്ദേഹം നബിയുടെ വിശ്വസ്തനായ സഹചാരിയായി.

*സാഅ്: ഒരു അളവുപാത്രം